## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **10-10-2024 - ൽ മറുപടിയ്ക്ക്**

### കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്കുള്ള ക്ഷാമം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ചാണ്ടി ഉമ്മൻ</th><th colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമല്ലാത്ത സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ ; വിശദമാക്കുമോ;</td><td>(എ)</td><td>ചെറിയ മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്ന വിവരം സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അച്ചടിയിലുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ മുഖവില 1, 2, 5, 7, 10, 20, 50, 100, 500, 1000, 5000, 10000, 15000, 20000, 25000 എന്നിങ്ങനെയാണ്. ഇവയിൽ കൂടുതൽ ഉപയോഗത്തിലുള്ള ചെറിയ മൂല്യമുള്ളവ 50, 100, 500 മുഖവിലയുള്ള നോൺ ജുഡിഷ്യൽ മുദ്രപ്പത്രങ്ങളാണ്. 200/- രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ അച്ചടിയിൽ ഇല്ലാത്തതാണ്.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തിന് പ്രതിദിനം ആവശ്യമുള്ള കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ കണക്ക് എത്രയെന്നും ഇതിന്റെ അഭാവത്തിൽ ഇടപാടുകൾ നടത്താൻ എന്ത് സാഹചര്യമാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;</td><td>(ബി)</td><td>സംസ്ഥാനത്തെ വെണ്ടർമാരിലൂടെ പൊതുജനങ്ങൾക്ക് പ്രതിദിനം വിതരണം നടത്തുന്ന 50 രൂപ, 100 രൂപ, 500 രൂപ മുഖവിലയുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ ശരാശരി കണക്ക് ചുവടെ ചേർക്കുന്നു.<br><br><table><tr><th>ഡിനോമിനേഷൻ</th><th>പ്രതിദിനം ആവശ്യമുള്ള മുദ്രപ്പത്രങ്ങളുടെ എണ്ണം</th></tr><tr><td>50</td><td>18000</td></tr><tr><td>100</td><td>22000</td></tr><tr><td>500</td><td>3000</td></tr></table><br>മുദ്രപ്പത്ര ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>മുദ്രപ്പത്രങ്ങളുടെ പുനഃമൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരമുള്ള നടപടികൾ എല്ലാ ട്രഷറികളിലുമായി പൂർത്തിയായിട്ടുള്ളതുമാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | ഏതെങ്കിലും ജില്ലകളിൽ മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് പരിമിതമാവുന്ന സാഹചര്യത്തിൽ ആവശ്യമായ സ്റ്റോക്കുള്ള മറ്റ് ജില്ലകളിൽ നിന്നും മുദ്രപ്പത്രങ്ങൾ കുറവുള്ള ജില്ലകളിൽ എത്തിച്ച് നൽകി ദൗർലഭ്യം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജില്ലയ്ക്കകത്തും ഇപ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ ഇ-സ്റ്റാമ്പിങ് വഴി ലഭ്യമാക്കിയിട്ടുണ്ട്. അവ പരാതികൾക്കിട നൽകാതെ നടന്നുവരുന്നുണ്ട്. നോൺ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായുള്ള ഇ-സ്റ്റാമ്പിങ് കൂടി ഇതോടൊപ്പം ഏർപ്പെടുത്തുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. നോൺ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായുള്ള ഇ-സ്റ്റാമ്പിങ് കൂടി നടപ്പിലാവുന്നതോടുകൂടി സംസ്ഥാനത്ത് മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്.<br><br>നാസിക്കിലെ ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ അച്ചടി പൂർത്തിയായി വിതരണത്തിന് സജ്ജമായ 50 രൂപ മുഖവിലയുള്ള 84 ബോക്സ് നോൺ ജുഡിഷ്യൽ മുദ്രപ്പത്രങ്ങൾ സ്റ്റോക്ക് എടുക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയത് താമസംവിനാ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ അഭാവം നേരിടുന്ന അവസ്ഥയിൽ ഈ തുകകൾക്കുള്ള ഇ-സ്റ്റാമ്പിംഗ് സാധ്യമാണോ എന്നത് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിങ് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള ഇ-സ്റ്റാമ്പ് സംസ്ഥാനത്തെ ലൈസൻസുള്ള വെണ്ടർമാർ മുഖേന ഇ-സ്റ്റാമ്പ് പോർട്ടൽ വഴിയും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ PEARL ആപ്ലിക്കേഷൻ മുഖാന്തരവും ജനറേറ്റ് ചെയ്തു ഉപയോഗിച്ച് വരുന്നുണ്ട്.<br><br>രജിസ്ട്രേഷൻ ഇതര (നോൺ രജിസ്ട്രബിൾ) ആവശ്യങ്ങൾക്കുള്ള ഇ-സ്റ്റാമ്പിങ് സോഫ്റ്റ് വെയർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. നോൺ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള ഇ-സ്റ്റാമ്പിന്റെ ദുരുപയോഗം ഒഴിവാക്കാൻ വിദഗ്ധ നിർദ്ദേശങ്ങൾക്കനുസൃതമായി സോഫ്റ്റ്‌വെയറിലെ പരിഷ്കരണവും പരിശോധനയും 2024 ഒക്ടോബർ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ